LIBRARY ARCHIVES Kerala Legislative Assembly

പൂരക്കളി കലാ അക്കാദമി

63 (3347) ശ്രീ. സി. കൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പൂരക്കളി കലാ അക്കാദമി സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത അക്കാദമി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ പൂരക്കളി അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. ഇതിനായി 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ള തുക കേരള ഫോക് ലോർ അക്കാദമിക്ക് നല്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ബി) അക്കാദമിക്കാവശ്യമായ ഫണ്ടും സ്ഥല സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

മള്ളിയൂർ സ്മൃതിമണ്ഡപം

64 (3348) ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മള്ളിയൂർ സ്മൃതിമണ്ഡപം സ്ഥാപിക്കുന്നതിന് സംബന്ധിച്ച 7674/A2/2013/Culture നമ്പർ ഫയലിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മള്ളിയൂർ സ്മൃതിമണ്ഡപത്തിന്റെ ഡി.പി.ആർ. സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇത് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; ഇതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത് ;

(സി) സ്മൃതിമണ്ഡപത്തോട് അനുബന്ധിച്ച് പുതിയ പ്രൊപ്പോസൽ ഉർന്നു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ എങ്ങനെയാണ് പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മരണാർത്ഥം സ്മൃതി മണ്ഡപം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് 2011-ൽ മള്ളിയൂർ ആദ്ധ്യാത്മിക പീഠം, മള്ളിയൂർ സ്മൃതിമണ്ഡപ നിർവഹണ സമിതി എന്നിവർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സ്മൃതി മണ്ഡപ നിർമ്മാണത്തിന് 10 ലക്ഷം രൂപ പ്രഖ്യാപിക്കുകയുണ്ടായി. സ്മൃതി മണ്ഡപ നിർമ്മാണത്തിനാവശ്യമായ വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും, കോട്ടയം ജില്ലാ കളക്ടറോ, അപേക്ഷകരോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. അടിയന്തരമായി നിർദ്ദേശം സമർപ്പിക്കാൻ വീണ്ടും ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്. മള്ളിയൂർ ശങ്കരൻനമ്പൂതിരിയുടെ സ്മൃതിമണ്ഡപ നിർമ്മാണത്തിന്റെ കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്.

കലാകാര പെൻഷൻ

65 (3349) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്കാണ് കലാകാരപെൻഷൻ നൽകുന്നതെന്നും എത്ര രൂപ വീതമാണ് പെൻഷൻ തുകയെന്നും വ്യക്തമാക്കുമോ ;

(ബി) കലാകാരപെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും ; ഏതേത് കലാരംഗങ്ങളിലുള്ളവരെയാണ് പെൻഷന് പരിഗണിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിൽനിന്ന് ഇപ്പോൾ 2545 പേർക്ക് കലാകാര പെൻഷൻ നൽകിവരുന്നു. പ്രതിമാസം 750 രൂപ വീതമാണ് കലാകാര പെൻഷൻ നൽകിവരുന്നത്.

(ബി) 8-11-1999-ലെ സ.ഉ.(എം.എസ്.) നമ്പർ 49/99/സിഎഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് കലാകാര പെൻഷൻ നൽകുന്നതും, ഏതെല്ലാം കലകളിലെ കലാകാരന്മാരെയാണ് പെൻഷനായി പരിഗണിക്കേണ്ടതെന്ന് തീരുമാനിക്കുന്നതും. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly